# ഭക്ഷണപ്രശ്നം

പണ്ട് ഒരാൾ ജീവിച്ചിരുന്നു. അങ്ങ് അറേബ്യയിൽ. പേര് ഉമർ. ഖലീഫാഉമർ എന്നും പറയും. മുഹമ്മദ്നബിയുടെ അനുചരനും രണ്ടാം ഉത്തരാധികാരിയുമായി രുന്നു. ഒരിക്കൽ ഒരു വഴിയെ നടന്നുപോകവെ ഒരാൾ എതിരെ വന്നു. ഉമറിനെ കണ്ട് ആശ്ചര്യപ്പെട്ട് അയാൾ തിരക്കി: അമീറുൽ മുഅ്മിനീൻ, ഇതെന്തുവേഷം? ഇങ്ങനെ ക്ഷീണിച്ചു മെലിഞ്ഞൊട്ടാൻ കാരണമെന്ത്?"

"ഞങ്ങടെ ബയറ്റീ ഞാക്ക് ഇശ്റ്റേള്ളത് നെറക്കും. ഇങ്ങക്കെന്താ ചേദം?" ഒരിക്കൽ കേട്ട ഒരു ചോദ്യം ഓർമപ്പിശകായി വന്നതാണ്.

അത് പഴയ കാലം. ഇപ്പോൾ ശക്തമായ നാടുവാഴികളുടെ (സോറി, ആഗോ ഉവൽക്കരണത്തിന്റെ കൊളോണിയൽ വ്യവസ്ഥയുടെ) വാഴ്ചയാണ്. ഇനി അരവ യർ എന്തുകൊണ്ട് നിറയ്ക്കണമെന്നും എന്ത് നിറക്കരുതെന്നും ആഗോളനായക ന്മാർ തീരുമാനിക്കുന്നിടത്തേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്.

കുടിവെള്ളം നമുക്ക് സ്വപ്നമായി മാറുകയാണ്. അടുത്ത പതിനഞ്ച് വർഷ ത്തിനുശേഷം കുടിവെള്ളത്തിനായിരിക്കും രാജ്യങ്ങൾ തമ്മിൽ കടികൂടുക. അമേരിക്ക അത് നേരത്തെ തുടങ്ങിവെച്ചു.

ജനം പട്ടിണി കിടക്കുമ്പോൾ ഞാൻ മാത്രമെങ്ങനെ വയർ നിറച്ചു ഭക്ഷണം കഴിക്കും? അവരുടെ അവശത ഞാനും അറിയണ്ടേ?" ഉമറിന്റെ മറുപടി.

നാം ഭക്ഷണക്ഷാമത്തെ കുറിച്ച് ആലോചിക്കുന്നു. ഭക്ഷ്യക്ഷാമത്തിന്റെയും വിലക്കയറ്റത്തിന്റെയും ഭീഷണമായ സാഹചര്യങ്ങളിലാണ് നാം ജീവിക്കുന്നത്. അരി നമുക്ക് അന്യമാവുകയാണ്. വിലക്കയറ്റം രൂക്ഷമാണ്.

അരിക്ഷാമവും വിലക്കയറ്റവും ജനത്തെ വലച്ചുകളഞ്ഞിട്ടുണ്ട്. ഇതിനിടയിലും കരിഞ്ചന്തക്കാർ അവസരം നന്നായി ഉപയോഗപ്പെടുത്തുന്നുണ്ട്. അവരെ തടയിടാൻ ഇവിടെ ആരുമില്ല. പണമുള്ളവർക്ക് പൊൻവില കൊടുത്ത് വാങ്ങികഴിക്കാം. പണമി ല്ലാത്ത ദാരിദ്ര്യനാരായണന്മാർ പാലും മുട്ടയും കഴിക്കണമത്രെ.

ഭക്ഷ്യസുരക്ഷിതത്വം ഒരു പ്രശ്നമാണ്. നാം സ്വയം തന്നെ ഉത്പാദനം വർധി പ്പിക്കണമെന്ന കേന്ദ്രമന്ത്രിയുടെ നിർദ്ദേശത്തോടെ കേരളം മൗനം പാലിക്കുമെന്ന ആശ്വാസത്തിലാണ് കേന്ദ്രഭരണകർത്താക്കൾ. പക്ഷേ, ഭരണം, ഉല്പദനം, ഉപഭോഗം, വിതരണം, പ്രാപ്യത തുടങ്ങിയ ഘടകങ്ങളുമായി കെട്ടുപിണഞ്ഞ പ്രശ്നമാണിതെന്ന് ഒരുവേള ആരുടെയെങ്കിലും ചിന്തയിൽ വന്നോ എന്നറിയില്ല.

ഭക്ഷ്യസുരക്ഷിതത്വം ദേശീയസാമ്പത്തികനയവും പരിഷ്കണങ്ങളുമായി ബന്ധപ്പെട്ട വിഷയം കൂടിയാണ്. അതേയവസരം ആഗോളവൽക്കരണവും ഉദാര വൽക്കരണവും ഈ വിഷയത്തിൽ വലിയ തോതിൽ പങ്ക് വഹിക്കുന്നുണ്ട്. അതുകൊ ണ്ടാണല്ലോ ഇന്ത്യയില മധ്യവർഗത്തെ മി. ബുഷ് പിടികൂടിയത്. ഈ രാജ്യത്തെ ദരിദ്ര കോടികൾ ദരിദ്രരായി തുടരണമെന്നും അവർ വിശന്നും ദാഹിച്ചും മരിക്കണമെന്നും നിശ്ചയിക്കുന്നതും ഇതേ നയം തന്നെയാണ്.

വിലക്കറ്റത്തിനുള്ള പ്രധാന കാരണം അമേരിക്കയുടെ മുതലാളിത്ത നയങ്ങൾ തന്നെയാണ്. ഇത് രഹസ്യമായ ഒരു സംഗതിയല്ല. ആഗോളവൽക്കരണത്തിന്റെ പേരിലുള്ള അവരുടെ കച്ചവടനയങ്ങളാണ് ഇപ്പോൾ ലോകത്തിനു തന്നെ തിരിച്ചടി യായത്. ഉല്പാദനച്ചെലവ് കൂടുമ്പോൾ ഏത് രംഗത്താണ് വിലക്കയറ്റം ഇല്ലാതി രിക്കുക.

വിലക്കയറ്റം തടയണം. പണപ്പെരുപ്പം നിർത്തലാക്കണം. തൊഴിലിനുള്ള അവ സരം കൂടുതൽ സൃഷ്ടിക്കണം. കരിഞ്ചന്തയും പൂഴ്ത്തിവെപ്പും അവസാനിപ്പിച്ച് വിത രണം കാര്യക്ഷമമാക്കണം. സബ്സിഡികൾ പുനരാരംഭിക്കണം. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യപദാർഥങ്ങൾ എത്രയും വേഗം ന്യായവിലക്ക് സാധാരണക്കാർ ക്ക് വിതരണം ചെയ്യണം. അധികാരികളും പണമുള്ളവരും സ്വന്തമാക്കുന്ന ഭക്ഷ്യവിഭ വങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം. ഭരണരംഗത്ത് ദരിദ്രർക്കും ആനുപാതിക മായ അവസരം നല്കുക. ഭരണരംഗത്ത് സുതാര്യതയുണ്ടാക്കണം. എങ്കിലേ പൊതു ജനങ്ങളുടെ സുരക്ഷയും ക്ഷേമവും സംരക്ഷിക്കപ്പെടുകയുള്ളൂ.

ഭക്ഷണരംഗത്തെ സംസ്കാരം നാം ശക്തമായി പാലിക്കണം. മിതവ്യയം ശീലിക്കുക തന്നെവേണം. പട്ടിണിപ്പാവങ്ങളും കിട്ടാൻ വകയില്ലാത്തവരുമായി കോടി കൾ ഇവിടെയുണ്ട്. അവരുടെ നെടുവീർപ്പിനു മുകളിൽ നാം വയർമുട്ടെ കഴിക്കു ന്നത് നല്ലതല്ല.